**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയം ഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ഹരിപ്പാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഭവന നിർമ്മാണം) ആയിരിക്കെ മരണമടഞ്ഞ ശ്രീ. എച്ച്. ഷാജഹാന്റെ ഭവന നിർമ്മാണ വായ്പാ ഇനത്തിലെ ബാദ്ധ്യത എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ.2447/2016/തസ്വഭവ,തിരുവനന്തപുരം, തീയതി,12.08.2016.

---

പരാമർശം : 1. ഗ്രാമവികസന കമ്മീഷണറുടെ 04/09/1995 ലെ എസ്റ്റാ.സി3/9398/94/ സി.ആർ.ഡി നമ്പർ നടപടി ക്രമം.

2. 17/06/1997 ലെ ജി. ഒ (.പി ) നം .591//97/ഫിൻ നമ്പർ ഉത്തരവ്.

3. ഗ്രാമവികസന കമ്മീഷണറുടെ 24/01/1998 ലെ എസ്റ്റാ.സി3/35892/97/സിആർഡി നമ്പർ നടപടി ക്രമം.

4. ശ്രീമതി. നസീ ബീഗത്തിന്റെ തീയതിയില്ലാത്ത അപേക്ഷ .

5. അക്കൗണ്ടന്റ് ജനറലിന്റെ 04/02/2016 തീയതിയിലെ LA3/III/BOR 52440/2801 നമ്പർ കത്ത്.

6. ഗ്രാമവികസന കമ്മീഷണറുടെ 03/05/2016 ലെ 6998 / എസ്റ്റാ.സി2/2011/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഭവന നിർമ്മാണം) ആയി സേവനം അനുഷ്ഠിക്കവെ 15/04/2006 ൽ മരണപ്പെട്ട ശ്രീ. എച്ച്. ഷാജഹാന് പരാമർശം (1), (3) പ്രകാരം അനുവദിച്ച ഭവന നിർമ്മാണ വായ്പാ കുടിശ്ശിക പരാമർശം (2) പ്രകാരം എഴുതി തള്ളുന്നതിന് ടിയാന്റെ ഭാര്യ ശ്രീമതി. നസീ ബീഗം പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

പരാമർശം (1) പ്രകാരം ശ്രീ.എച്ച്. ഷാജഹാന് 51,200/- (അൻപത്തി ഒന്നായിരത്തി ഇരുന്നൂറ്) രൂപയും, പരാമർശം (3) പ്രകാരം 13,500/-(പതിമൂന്നായിരത്തി അഞ്ഞൂറ് ) രൂപയും (അധിക വായ്പ) ഉൾപ്പെടെ ആകെ 64,700/- (അറുപത്തിനാലായിരത്തി എഴുന്നൂറ് ) രൂപ ഭവന നിർമ്മാണ വായ്പയായി അനുവദിച്ചിരുന്നുവെന്നും, ടിയാന് അനുവദിച്ച ഭവന നിർമ്മാണ വായ്പയിൽ 19,032/- (പത്തൊൻപതിനായിരത്തി മുപ്പത്തിരണ്ട്) രൂപ മുതൽ ഇനത്തിലും 63,661/- (അറുപത്തിമൂന്നായിരത്തി അറുനൂറ്റി അറുപത്തി ഒന്ന്) രൂപ പലിശയിനത്തിലും ഉൾപ്പെടെ ആകെ 82,693/- (എൺപത്തി രണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി മൂന്ന്) രൂപ

ബാദ്ധ്യതയായി ഉണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിപ്പാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഭവന നിർമ്മാണം) ആയി ജോലി ചെയ്തു വരവെ 15/04/2006 ൽ അന്തരിച്ച ശ്രീ. എച്ച്. ഷാജഹാന്റെ ഭവന നിർമ്മാണ വായ്പാ കുടിശ്ശികയിൽ പലിശയിനത്തിലെ ബാധ്യതയായ 63,661/- (അറുപത്തി മൂന്നായിരത്തി അറുന്നൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) രൂപ ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 19,032/- (പത്തൊൻപതിനായിരത്തി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപ " 2075-00-795-98 HBA" Write off എന്ന ശീർഷകത്തിൽ ചെലവും " 7610-00-201/98HBA" എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതി തള്ളുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.പി.വിജയകുമാർ**

**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
ശ്രീമതി. നസീ ബീഗം, അഖിലം, കോമല്ലൂർ പി.ഒ, ചാരുംമൂട്,ആലപ്പുഴ-690505.
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ ( ജനറൽ), ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വിവരപൊതു ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (യു.ഒ.നം.238244/എച്ച്.ബിഎ 1/2016/ധന, തീയതി 02/07/2016)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sheeja

സെക്ഷൻ ഓഫീസർ